കേരള സർക്കാർ

# വടവുകോട് ബ്ലോക്ക്പഞ്ചായത്ത്
# 2014-15 & 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.-
ഇ.കെ.എം(ബി.പി.)1572/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം ,
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682 030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 04.10.2016

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വടവുകോട് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : <u>വടവുകോട് ബ്ലോക്ക് പഞ്ചായത്ത് – 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 വർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 3-ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്(കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ് :</u>
1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, എറണാകുളം.
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.-
ഇ.കെ.എം(ബി.പി.)1572/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം ,
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682 030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 04.10.2016

# എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 24-02-2015മുതൽ 25-08-2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതാത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 4അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.സുദർശനൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 26.08.2016 മുതൽ06.09 .2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. മിനു.പി.കെ, ഓഡിറ്റ് ഓഫീസർ |
| | ശ്രീ. അനിൽകുമാർ ആശാരി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി കവിത .എസ്. കണ്ണൻ, സീനിയർ ഗ്രേഡ്ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.സി.കെ.അയ്യപ്പൻ കുട്ടി | 1.4.2014മുതൽ31.10.2015വരെ |
| | ശ്രീമതി.ഗൗരി വേലായുധൻ | 19.11.2015മുതൽ31.03.2016വരെ |
| സെക്രട്ടറി | ശ്രീ.വി.ആർ.ഷാജി | 1.4.2014 മുതൽ08.02.2016 വരെ |
| | ശ്രീ. വി.ശാന്താറാം | 09.02.2016മുതൽ31.03.2016വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് എക്സികൃൂട്ടീവ് എഞ്ചിനീയർ | ശ്രീ.എസ്.ജി.രാജ്മോഹൻ | 01.04.2014മുതൽ08.07.2014വരെ |
| | ശ്രീമതി. ടി.വി.ശോഭിനി | 09.07.2014മുതൽ07.08.2014വരെ |
| | ശ്രീമതി. സാറ സൂര്യ ജോർജ് | 08.08.2014മുതൽ11.09.2014വരെ |
| | ശ്രീ.എസ്.ജി.രാജ്മോഹൻ | 12.09.2014മുതൽ30.04.2015വരെ |
| | ശ്രീമതി. സാറ സൂര്യ ജോർജ് | 01.05.2015മുതൽ18.06.2015വരെ |
| | ശ്രീ. പി.ജെ.തങ്കച്ചൻ | 19.06.2015മുതൽ31.03.2016വരെ |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | ശ്രീമതി. സാലിജോസഫ് | 01.04.2014മുതൽ06.08.2015വരെ |
| | ശ്രീ. ഉണ്ണിമോൻ.കെ. | 07.8.2015മുതൽ31.03.2016വരെ |
| ചൈൽഡ് ഡവലപ്മെന്റ് പ്രോജക്ട് ഓഫീസർ | ശ്രീമതി.ബിസ്സിനി. സി.എസ്. | 01.04.2014മുതൽ23.07.2015വരെ |
| | ശ്രീമതി. ബീന.ആർ. | 24.07.2015മുതൽ31.03.2016വരെ |
| എസ്.സി. ഡവലപ്മെന്റ് ഓഫീസർ | ശ്രീമതി. വി.പി. ബീന | 01.04.2014മുതൽ01.05.2014വരെ |
| | ശ്രീമതി. ലിജി ആന്റണി | 02.05.2014മുതൽ31.05.2014വരെ |
| | ശ്രീമതി.വി.പി. ബീന | 01.06.2014മുതൽ01.09.2015വരെ |
| | ശ്രീ. ജേക്കബ്ബ്.പി.ജെ | 02.09.2015മുതൽ04.09.2015വരെ |
| | ശ്രീമതി.വി.പി. ബീന | 05.09.2015മുതൽ24.09.2015വരെ |
| | ശ്രീ. എൻ.എച്ച്.അൻവർ | 25.09.2015മുതൽ30.09.2015വരെ |
| | ശ്രീമതി.വി.പി. ബീന | 01.10.2015മുതൽ30.11.2015വരെ |
| | ശ്രീ.വിജി രാജ്.എം.ആർ | 01.12.2015മുതൽ23.12.2015വരെ |
| | ശ്രീമതി.വി.പി. ബീന | 24.12.2015മുതൽ31.03.2016വരെ |
| മെഡിക്കൽഓഫീസർ, വടവുകോട് | ഡോ. പ്രസാദ്. പി.വി. | 1.4.2014 മുതൽ23.06.2014വരെ |
| | ഡോ. ആശാ വിജയൻ | 24.06.2014മുതൽ28.09.2014വരെ |
| | ഡോ.പ്രസാദ്. പി.വി. | 29.09.2014മുതൽ14.10.2014വരെ |
| | ഡോ.ആശാ വിജയൻ | 14.10.2014മുതൽ31.05.2015വരെ |
| | ഡോ. സുജ അലോഷ്യസ് | 01.06.2015മുതൽ31.03.2016വരെ |
| മെഡിക്കൽഓഫീസർ കടയിരുപ്പ് | ഡോ. രമ്യ.എസ്. | 1.4.2014മുതൽ22.09.2014വരെ |
| | ഡോ. രാജലക്ഷ്മി.എം. | 23.09.2014മുതൽ02.02.2015വരെ |
| | ഡോ. അനൂപ്.എസ്. | 03.02.2015മുതൽ31.03.2015വരെ |
| | ഡോ. രാജലക്ഷ്മി.എം. | 01.04.2015മുതൽ31.03.2016വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ജാക്വിലിൻ ഡൊമിനിക് | 01.04.2014മുതൽ31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം. | 1-5 |
| 6 | തനത് വരുമാനം. | 1-6 |
| 7 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| | ഭാഗം - 2 | |
| 9 | വാടക - ഈടാക്കിയതിൽ അപാകത | 2-1 |
| | ഭാഗം – 3 | |
| 10 | പട്ടികജാതിവിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- പത്രപരസ്യംവഴിതെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ഗ്രാമസഭയുടെ അംഗീകാരം ലഭ്യമായിട്ടില്ല | 3-1 |
| 11 | ചെലവുതുകയെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല | 3-2 |
| 12 | വൈദ്യുതി കുടിശ്ശിക – പിഴപ്പലിശ അടവാക്കിയത് | 3-3 |
| 13 | ഐ.എ.വൈ. - മുൻകൂർ തുക കൈപ്പറ്റിയവർ ഭനനിർമാണം ആരംഭിച്ചിട്ടില്ല | 3-4 |
| 14 | പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി-മീറ്റീംഗിന് സമയക്രമം പാലിക്കുന്നില്ല | 3-5 |
| | ഭാഗം – 4 | |
| 15 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 16 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 17 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 18 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 19 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 20 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-6 |
| 21 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 22 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-8 |
| 23 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2014-15 | അനുബന്ധം.1 |
| 24 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2015-16 | അനുബന്ധം.2 |
| 25 | ബാലൻസ് ഷീറ്റ് 2014-15 | അനുബന്ധം.3 |
| 26 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2014-15 | അനുബന്ധം.4 |

| | | |
|---|---|---|
| 27 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2014-15 | അനുബന്ധം.5 |
| 28 | ബാലൻസ് ഷീറ്റ് 2015-16 | അനുബന്ധം.6 |
| 29 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.7 |
| 30 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2015-16 | അനുബന്ധം.8 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2014-15 വർഷത്തെ ബജറ്റ് 17.02.2014ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. 2015-16 വർഷത്തെ ബജറ്റ് 23.03.2015ലെ ഒന്നാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. ബജറ്റും വാർഷിക കണക്കും തമ്മിലുള്ള വ്യത്യാസം താഴെ കൊടുക്കുന്നു:-

| | 2014-15 | | 2015-16 | |
|---|---|---|---|---|
| | വരവ് (₹) | ചെലവ്(₹) | വരവ്(₹) | ചെലവ്(₹) |
| ബജറ്റ് പ്രകാരം | 20,44,95,000 | 20,38,03,800 | 22,43,13,050 | 22,18,12,250 |
| വാർഷികക്കണക്ക് പ്രകാരം | 9,22,34,116 | 8,24,74,311 | 7,33,61,901 | 8,60,62,977 |
| വ്യത്യാസം | 7,17,84,616 | 12,13,29,489 | 15,09,51,149 | 13,57,49,273 |

2014-15ലെ ബജറ്റിൽ പ്രതീക്ഷിച്ചതിന്റെ 45% മാത്രം വരവും 40% മാത്രം ചെലവും മാത്രമേ യഥാർത്ഥത്തിൽ ഉണ്ടായിട്ടുള്ളൂ. 2015-16ലെ ബജറ്റിൽ പ്രതീക്ഷിച്ചതിന്റെ 33% മാത്രം വരവും 38% മാത്രം ചെലവും ആണ് യഥാർത്ഥത്തിൽ ഉണ്ടായത്. യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2014-15 | 31.07.2015 | 22.07.2015 |
| 2015-16 | 31.07.2016 | 03.08.2016 |

## 1-3 സാമ്പത്തിക വിശകലനം

| | 2014-15 | 2015-16 |
|---|---|---|
| മുന്നിരിപ്പ് | 31001076.00 | 40760881.00 |
| വരവ് | 9,22,34,116.00 | 7,33,61,901.00 |
| ആകെ | 123235192.00 | 114122782.00 |
| ചെലവ് | 82474311.00 | 86062977.00 |
| നീക്കിയിരിപ്പ് | 40760881.00 | 28059805.00 |

# 1-4 ഫണ്ട് വിനിയോഗം

2014-15

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2694956 | 21577000 | 24271956 | 19907142 | 4364814 | 82.02 |
| വികസനഫണ്ട് എസ്.സി.പി. | 3631666 | 12972000 | 16603666 | 13509581 | 3094085 | 81.37 |
| വികസനഫണ്ട് ടി.എസ്.പി. | 382377 | 320000 | 702377 | 702377 | 00 | 100 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 4438209 | 4438209 | 3153058 | 1285151 | 71.04 |
| എസ്.ജി. എസ്.വൈ. | 29617 | 18218 | 47835 | 47835 | 0 | 100 |
| ടി.എസ്.സി. | 1724155 | 1258936 | 2983091 | 809173 | 2173918 | 27 |

2013-14ൽ, വികസനഫണ്ട് പൊതുവിഭാഗം വികസന ഫണ്ടിലെ വരവ് തുകയിൽ, വോട്ടിംഗ് മെഷീനിനായി സ്രോതസ്സിൽ കുറവ് വരുത്തിയിട്ടുള്ള 500000/- രൂപ 2014-15 വർഷത്തെ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരുന്നില്ല. ഇതിൽ നിന്ന് വ്യത്യസ്തമായി, യഥാർത്ഥത്തിലുള്ള വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളാണ് റിപ്പോർട്ടിൽ ചേർത്തിട്ടുള്ളത്.

2015-16

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 4364814 | 15841787 | 20206601 | 20206601 | 0 | 100 |
| വികസനഫണ്ട് എസ്.സി.പി. | 3094085 | 10918968 | 14013053 | 14013053 | 0 | 100 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 1285151 | 2195707 | 3480858 | 3480858 | 0 | 100 |
| എസ്.ജി. എസ്.വൈ. | 0 | 5637 | 5637 | 5637 | 0 | 100 |
| ടി.എസ്.സി. | 2173918 | 648243 | 2822161 | 653832 | 2168329 | 23 |

# 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2014-15 | 91 | 110634313 | 91 | 39268747 | 24 | -- | 73.62 |
| 2015-16 | 84 | 112477783 | 82 | 38910269 | 25 | 2 | 67.85 |

പൂർത്തിയാക്കാതെ ഉപേക്ഷിച്ച പദ്ധതികൾ. ഭവന പുനരുദ്ധാരണം.

# 1-6 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് തനതു വരുമാനത്തിൽ 2014-15ൽ .88% വർദ്ധനവും, 2015-16 ൽ 83% കുറവും ഉണ്ടായിട്ടുണ്ട്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

2014-15

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | -- | -- | -- | -- |
| നികുതിയേതര വരവുകൾ | 478060.00 | 218933.00 | (-) 259127.00 | (-)54 |
| മറ്റുവരവുകൾ | 555448.00 | 823724.00 | (+) 268276.00 | (+)48 |
| ആകെ | 1033508.00 | 1042657.00 | (+) 9149.00 | (+).88 |

2015-16

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം(-) | ശതമാനം(-) |
|---|---|---|---|---|
| നികുതി വരവുകൾ | -- | -- | -- | -- |
| നികുതിയേതര വരവുകൾ | 218933.00 | 155772.00 | 63161.00 | (-)29 |
| മറ്റുവരവുകൾ | 823724.00 | 25407.00 | 798317.00 | (-)97 |
| ആകെ | 1042657.00 | 181179.00 | 861478.00 | (-)83 |

വരുമാനത്തിൽ കുറവ് സംഭവിക്കാനിടയായ സാഹചര്യങ്ങൾ വിലയിരുത്തേണ്ടതും, വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

# 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 30.08.2016ന് ഹെഡ് ക്ലർക്കിന്റെ സാന്നിധ്യത്തിൽ

നടത്തുകയുണ്ടായി. പരിശോധനയിൽ 150/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.08.2015 | 1.04.2014 - 31.03.2015 | 25.02.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.03.2014 | 2010-11 to 2012-13 | 29.05.2014 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക - ഈടാക്കിയതിൽ അപാകത

പഞ്ചായത്ത് വക കെട്ടിടത്തിലെ വാടകക്കാരുമായി ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം വാടക ഒടുക്കുവാൻ താമസം വരുത്തുന്ന കരാറുകാർ നൂറു രൂപയ്ക്ക് ഒരു രൂപ നിരക്കിൽ പലിശ നൽകുവാൻ ബാദ്ധ്യസ്ഥരാണ്. എന്നാൽ വാടക രജിസ്റ്റർ പ്രകാരം വാടക ഒടുക്കുവാൻ കാലതാമസം വരുത്തിയിട്ടും താഴെപ്പറയുന്ന 3 ലൈസൻസികളിൽ നിന്നും കരാർ പ്രകാരം പ്രതിമാസം പലിശ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ലൈസൻസിയുടെ പേര് പ്രതിമാസവാടക പ്രാബല്യം | വാടക ഒടുക്കേണ്ട മാസം | വാടക ഒടുക്കിയ രസീത് നമ്പർ തീയതി | ഒടുക്കിയതിലുള്ള കാലതാമസം | ഈടാക്കേണ്ടിയിരുന്ന പലിശ |
|---|---|---|---|---|
| ഭാവന കുടുംബശ്രീ കാന്റീൻ 5500/- (2014-15, 2015-16) എല്ലാ വർഷവും മാർച്ച് മാസത്തിലാണ് കരാർ പുതുക്കേണ്ടത്) | 4/14 | 19/22.9.14 | 5 മാസം | 275/- |
| | 5/14 | “ | 4 “ | 220/- |
| | 6/14 | “ | 3 “ | 165/- |
| | 7/14 | “ | 2 “ | 110/- |
| | 8/14 | 21/25.9.14 | 1 “ | 55/- |
| | 12/14 | 42/2.2.15 | 2 “ | 110/- |
| | 1/15 | 4/22.4.15 | 3 “ | 165/- |
| | 2/15 | “ | 2 “ | 110/- |
| | 3/15 | “ | 1 “ | 55/- |
| | **2015-16** | | | |

| | | | | |
|---|---|---|---|---|
| | 5/15 | 10/10.6.15 | 1 “ | 55/- |
| | 6/15 | 12/1.7.15 | 1 “ | 55/- |
| | 7/15 | 17/25.8.15 | 1 “ | 55/- |
| | 8/15 | 32/5.2.16 | 6 “ | 330/- |
| | 9/15 | 40/15.3.16 | 6 “ | 330/- |
| | 10/15 | “ | 5 “ | 275/- |
| | 11/15 | “ | 4 “ | 220/- |
| | 12/15 | “ | 3 “ | 165/- |
| | 1/16 | “ | 2 “ | 110/- |
| | 2/16 | “ | 1 “ | 55/- |
| | ആകെ | | | 2915/- |

| ലൈസൻസിയുടെ പേര് പ്രതിമാസവാടക പ്രാബല്യം | വാടക ഒടുക്കേണ്ട മാസം | വാടക ഒടുക്കിയ രസീത് നമ്പർ തീയതി | ഒടുക്കിയ തിലുള്ള കാലതാമസം | ഈടാ ക്കേണ്ടി യിരുന്ന പലിശ |
|---|---|---|---|---|
| ദർശന ടെയ്‌ലറിംഗ് യൂണിറ്റ് മഴവന്നൂർ 4/14മുതൽ5 /14വരെ=750/- 6/14മുതൽ2 /16വരെ=825/- എല്ലാ വർഷവും ജ്ജൂൺ മാസത്തിലാണ് കരാർ പുതുക്കേണ്ടത് | **2014-15** | | | |
| | 4/14 | 13/23.7.14 | 3 “ | 22.5 |
| | 5/14 | 22/7.10.14 | 5 | 37.5 |
| | 6/14 | 44/3.3.15 | 9 മാസം | 74.25 |
| | 7/14 | “ | 8 “ | 66.00 |
| | 8/14 | “ | 7 “ | 57.75 |
| | 9/14 | 51/28.3.15 | 6 “ | 49.50 |
| | 10/14 | “ | 5 “ | 41.25 |
| | 11/14 | “ | 4 “ | 33.00 |
| | 12/14 | “ | 3 “ | 24.75 |
| | 1/15 | “ | 2 “ | 16.50 |
| | 2/15 | 52/30.3.15 | 1 “ | 8.25 |
| | 3/15 | 9/26.5.15 | 2 “ | 16.50 |
| | **2015-16** | | | |
| | 4/15 | 35/22.2.16 | 10 മാസം | 82.5 |
| | 5/15 | “ | 9 “ | 74.25 |
| | 6/15 | 42/28.3.16 | 9 “ | 74.25 |

| | | | | |
|---|---|---|---|---|
| | 7/15 | “ | 8 “ | 66.00 |
| | 8/15 | “ | 7 “ | 57.75 |
| | 9/15 | “ | 6 “ | 49.50 |
| | 10/15 | “ | 5 “ | 41.25 |
| | 11/15 | “ | 4 “ | 33.00 |
| | 12/15 | “ | 3 “ | 24.75 |
| | 1/16 | “ | 2 “ | 16.50 |
| | 2/16 | “ | 1 “ | 8.25 |
| | ആകെ | | | 975.75 |

| ലൈസൻസിയുടെ പേര് പ്രതിമാസവാടക പ്രാബല്യം | വാടക ഒടുക്കേണ്ട മാസം | വാടക ഒടുക്കിയ രസീത് നമ്പർ തീയതി | ഒടുക്കിയ തില്ലുള്ള കാലതാമസം | ഈടാ ക്കേണ്ടി യിരുന്ന പലിശ |
|---|---|---|---|---|
| വാസ്കോസ് പുത്തൻകുരിശ് 4/14ൽ വാടക=750/- 5/14മുതൽ2 /16വരെ=825/- 2015-16=825/- എല്ലാ വർഷവും മേയ് മാസത്തിലാണ് കരാർ പുതുക്കേണ്ടത് | **2014-15** | | | |
| | 4/14 | 26/29.10.14 | 6മാസം | 45.00 |
| | 5/14 | -/13.3.15 | 10 “ | 82.50 |
| | 6/14 | “ | 9 “ | 74.25 |
| | 7/14 | 50/28.3.15 | 8 “ | 66.00 |
| | 8/14 | “ | 7 “ | 57.75 |
| | 9/14 | 5/22.4.15 | 7 “ | 57.75 |
| | 10/14 | “ | 6 “ | 49.50 |
| | 11/14 | 7/11.5.15 | 6 “ | 49.50 |
| | 12/14 | “ | 5 “ | 41.25 |
| | 1/15 | 8/20.5.15 | 4 “ | 33.00 |
| | 2/15 | “ | 3 “ | 24.75 |
| | 3/15 | 100/30.6.15 | 3 “ | 24.75 |
| | **2015-16** | | | |
| | 4/15 | 16/7.8.15 | 4 “ | 33.00 |
| | 5/15 | 28/18.1.16 | 8 “ | 66.00 |
| | 6/15 | “ | 7 “ | 57.75 |
| | 7/15 | “ | 6 “ | 49.50 |
| | 8/15 | 31/27.1.16 | 5 “ | 41.25 |
| | 9/15 | “ | 4 “ | 33.00 |
| | 10/15 | 41/18.3.16 | 5 “ | 41.25 |
| | 11/15 | “ | 4 “ | 33.00 |

| | | | |
|---|---|---|---|
| 12/15 | “ | 3 “ | 24.75 |
| 1/16 | -/31.3.16 | 2 “ | 16.50 |
| 2/16 | “ | 1 “ | 8.25 |
| ആകെ | | | 1010.25 |
| Grand total (2915+975.75+1010.25) | | | 4901 |

മേൽ തുക ബന്ധപ്പെട്ട ലൈസൻസികളിൽ നിന്നോ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. 2014-15 വർഷം നിശ്ചയിച്ച വാടക തന്നെയാണ് മൂന്ന് ലൈസൻസികളിൽ നിന്നും 2015-16 വർഷവും ഈടാക്കിയിട്ടുള്ളത്. 5% വാർഷിക വർദ്ധനവ് വരുത്തി പ്രതിവർഷം വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - പത്രപ്പരസ്യം വഴി തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ഗ്രാമസഭയുടെ അംഗീകാരം ലഭ്യമായിട്ടില്ല

പ്രോജക്ട് നം – SOO13/16
നിർവ്വഹണ ഉദ്യോഗസ്ഥ – പട്ടികജാതി വികസന ഓഫീസർ
ചെലവ് വിവരം

| തുക (വികസനഫണ്ട്) | ബിൽ നം/തീയതി |
|---|---|
| 150000 | 5/30-12-15 |
| 1075000 | 7/18-2-15 |
| 479319 | 8/19-3-16 |
| (തനത് ഫണ്ട്) 45681 | ചെക്ക് നം-1332066/16-3-16 |
| 1750000 | |

പ്രൊഫഷണൽ കോഴ്സിൽ പഠിക്കുന്ന പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 25,000/- രൂപ വീതം സ്കോളർഷിപ്പ് അനുവദിക്കുന്നതിന് വിഭാവനം ചെയ്ത പ്രസ്തുത പ്രോജക്ടിന്റെ ഭാഗമായി 70 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുകയുണ്ടായി. ടി പ്രോജക്ടിനായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് നൽകണമെന്ന് ആവശ്യപ്പെട്ട് ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് അറിയിപ്പ് നൽകി. എന്നാൽ ഇതിനായി ഗുണഭോക്തൃലിസ്റ്റ് നിലവിലില്ലാതിരുന്നതിനാൽ ഐക്കരനാട് ഒഴികെയുള്ള ഗ്രാമപഞ്ചായത്തുകൾക്ക് ലിസ്റ്റ് നൽകുവാൻ കഴിഞ്ഞില്ല. 10.12.2015ലെ ബ്ലോക്ക് പഞ്ചായത്തിന്റെ 5(3) നമ്പർ തീരുമാനം, ലിസ്റ്റ് ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ നിന്നും പത്രപ്പരസ്യം വഴി അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനും പിന്നീട് ഗ്രമസഭകളുടെ സാധൂകരണം ലഭ്യമാക്കുന്നതിനും പട്ടികജാതി വികസന ഓഫീസറെ ചുമതലപ്പെടുത്തി. സ്കോളർഷിപ്പ് അനുവദിക്കപ്പെട്ട 70 വിദ്യാർത്ഥികളിൽ 67 പേരും പത്രപ്പരസ്യം മുഖേന തെരഞ്ഞെടുക്കപ്പെട്ടവരാണ് (3 പേർ ഐക്കരനാട് ഗ്രാമപഞ്ചായത്ത് ലിസ്റ്റിൽ ഉൾപ്പെട്ടവരാണ്). എന്നാൽ ഇപ്രകാരം തെരഞ്ഞെടുക്കപ്പെട്ടവർക്ക് അതാത് ഗ്രാമസഭകളുടേയും പഞ്ചായത്ത് കമ്മിറ്റിയുടേയും അംഗീകാരം നാളിതു വരെ ലഭ്യമായിട്ടില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം.1/27.08.2016ന് നൽകിയ മറുപടിയിൽ ലിസ്റ്റിന് അംഗീകാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു കൊണ്ടിരിക്കുയാണെന്നാണ് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ അംഗീകാരം ലഭ്യമാകാത്ത 67 പേർക്കായി ചെലവഴിച്ച 16,75,000/- രൂപ തടസപ്പെടുത്തുന്നു.

# 3-2 ചെലവു തുകയെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമല്ല

1. താഴെപ്പറയുന്ന ചെലവുകൾക്കനുസൃതമായുള്ള ബില്ലുകൾക്കൊപ്പം അവയെ സാധൂകരിക്കുന്നതിനാവശ്യമായ തെളിവുകൾ / ഫോട്ടോകൾ സൂക്ഷിച്ചിട്ടില്ല. വിശദ വിവരം താഴെ ചേർക്കുന്നു:-

1 . ബാഡ്ജ് (20എണ്ണം, @Rs 98/-=1960/- ) (bill.no 3051/9.1.16 of Printers Offset)
2. ഫോട്ടോ (4 copy, @Rs 100/- = 400/- ) (bill.no.182/29.2.16 of Ajay Photos)
3.ഫോട്ടോ (12 copy, @Rs 80/- = 960/- ) (bill.no.184/1.3.16 of Ajay Photos )

എല്ലാ ചെലവുകൾക്കും അവ സാധൂകരിക്കുന്നതിനാവശ്യമായ അനുബന്ധ രേഖകൾ വൗച്ചറുകൾക്കൊപ്പം സൂക്ഷിക്കേണ്ടതാണ്.

2. പഞ്ചായത്ത് ഫണ്ടുപയോഗിച്ച് 2015-16വർഷം വാങ്ങിയ പല സാധനങ്ങളും സ്റ്റോക്കിലെടുക്കുകയോ വിതരണവിവരം രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെപ്പറയുന്നു.

1. ടർക്കി, ടൗവ്വൽ
   2 എണ്ണം @Rs.400/-=800/-} (bill.no.205/13.1.16 of Kennedy Enterprises)
   34 എണ്ണം @Rs.275/-=9350/-}
2. Wall fan
   2 എണ്ണം @Rs.1950/-=3900/- (bill.no.6469/4.1.16 of Popular Electricals )
3. Name board
   10എണ്ണം @Rs.350/-=3500/- (bill.no.1104/26.4.15 of Sundari Arts)

തനത് ഫണ്ടുപയോഗിച്ച് വാങ്ങുന്ന എല്ലാ സാധനസാമഗ്രികളും സ്റ്റോക്കിലെടുത്തു എന്നും വിതരണം നടത്തേണ്ടവർ വിതരണം നടത്തുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

# 3-3 വൈദ്യുതി കുടിശ്ശിക - പിഴപ്പലിശ അടവാക്കിയത്

വലമ്പൂർ ഗവ. എൽ.പി. സ്കൂളിലേയ്ക്കായി വടവുകോട് ബി.ഡി.ഒ.-യുടെ പേരിൽ എടുത്തിരുന്ന 926 PTM നമ്പരിലുള്ള വൈദ്യുതകണക്ഷന്റെ 10/04 വരെയുള്ള വൈദ്യുതചാർജ് കുടിശ്ശികയും ആയതിന്റെ 6/10 വരെയുള്ള സർചാർജ്ജും ഉൾപ്പെടെ ആകെ 23,539/- രൂപ ഈടാക്കുന്നതിനായി ബി.ഡി.ഒ.-യുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചതിന്റെ അടിസ്ഥാനത്തിൽ KSEB-യുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽപ്പെടുത്തി 17,837/- രൂപ ചെക്ക് നം.167926 തീയതി 21.11.2014 പ്രകാരം ടി ഇനത്തിൽ അടവാക്കിയിട്ടുണ്ട്. മേൽ കൺസ്യൂമർ നമ്പറിനെക്കുറിച്ചും കുടിശ്ശിക തുകയെക്കുറിച്ചും യാതൊരു രേഖകളും സ്കൂളിലില്ലായെന്നും തുക ഒടുക്കുന്നതിന് സ്കൂളിൽ നിലവിൽ ഫണ്ടുകളൊന്നും ഇല്ലായെന്നും അറിയിച്ച് സ്കൂൾ അധികൃതരും പഞ്ചായത്തിന് സ്ഥാപനങ്ങൾ വിട്ടുനൽകുന്നതിന് മുമ്പുള്ള വിഷയമാണിതെന്ന് കാണിച്ച് സ്കൂൾ

ഉൾപ്പെടുന്ന മഴവന്നൂർ പഞ്ചായത്തും തുക ഒടുക്കുവാൻ തയ്യാറായില്ല. 2010 മുതൽ ഈ വിഷയത്തിൻ മേൽ വകുപ്പ് മന്ത്രിക്കുൾപ്പെടെ കത്തിടപാടുകൾ നടത്തിയെങ്കിലും ആറ് വർഷത്തിനു ശേഷം ബ്ലോക്കിൽ നിന്നു തന്നെ തുക ഒടുക്കേണ്ടിവന്നു. ഇത്തരമൊരു സാഹചര്യത്തിൽ ബി.ഡി.ഒ.-യുടെ പേരിൽ നിലവിലുള്ള കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതടക്കമുള്ള വൈദ്യുതി - വാട്ടർ - ടെലഫോൺ കണക്ഷനുകളുടെ വിശദാംശങ്ങളടങ്ങുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഇനിയുള്ള പേയ്മെൻറുകൾ കുടിശ്ശികയാവാതെ നടത്തുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-4 ഐ.എ.വൈ. - മുൻകൂർ തുക കൈപ്പറ്റിയവർ ഭനനിർമാണം ആരംഭിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 17,500/- രൂപ വീതം (ഐ.എ.വൈ. കേന്ദ്രവിഹിതം) മുൻകൂർ കൈപ്പറ്റിയ ഗുണഭോക്താക്കളിൽ ചിലർ ഭവന നിർമാണം ആരംഭിച്ചിട്ടില്ല. ഇതിന്റെ വർഷം തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2014-15

പ്രോജക്ട് നം- S0001/15( പൊതുവിഭാഗം)

| ഗുണഭോക്താവിന്റെ പേര് | ഗ്രാമപഞ്ചായത്തിന്റെ പേര് | തുക,ചെക്ക് നം,തീയതി |
|---|---|---|
| സുജാത ബേബി അടമരക്കാട്ടിൽ | പൂതൃക്ക | ₹.17500, 475491/27.3.15 |

പ്രോജക്ട് നം- S0010/15(പട്ടികജാതിവിഭാഗം)

| | | |
|---|---|---|
| ചെല്ലമ്മ.ഡി ചേന്നത്തുകുടിയിൽ | മഴവന്നൂർ | ₹.17500, 475482/11.3.15 |
| ചെല്ലമ്മഅയ്യപ്പൻകുട്ടി പള്ളത്തുവരിയിൽ | പുത്തൻകുരിശ് | ₹.17500, 475493/30.3.15 |
| | ആകെ | ₹.35000 |

2015-16

പ്രോജക്ട് നം- S0001/16( പൊതുവിഭാഗം)
(15-16വർഷം പിഎഫ്എംഎസ് വഴി ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്തിരിക്കുകയാണ് )

| | | |
|---|---|---|
| ശാന്തഷീബ ആളിക്കുഴിയിൽ | പുത്തൻകുരിശ് | ₹.17,500/-, ട്രാൻസ്ഫർ ചെയ്ത തീയതി-24.11.15 |
| മേരിബേബി, മേളേക്കുടിയിൽ | മഴുവന്നൂർ | ₹.17,500/-, 31-10-15 |
| ഇന്ദു അജി, കന്നേത്ത് | പൂതൃക്ക | ₹.17,500/-, 30-10-15 |
| പെണ്ണമ്മ മത്തായി ചെറുകുന്നത്ത് കുഴി | പൂതൃക്ക | ₹.17,500/-, 28-11-15 |
| ഏലിയാമ്മസൈമൺ, കൈതോട്ടിൽ | പൂതൃക്ക | ₹.17,500/-, 22-2-16 |
| സുമസാബു,തട്ടാരുകുന്നേൽ | പൂതൃക്ക | ₹.17,500/-, 29-3-16 |
| ലിജാജേക്കബ് തൃക്കാപ്പറമ്പിൽ | മഴുവന്നൂർ | ₹.17,500/-, 31-10-15 |
| റെയ്ച്ചൽപീറ്റർ, ചിറക്കണ്ടത്തിൽ | മഴുവന്നൂർ | ₹.17,500/-, 19-12-15 |
| ഏലിയാമ്മതോമസ് താന്നിമോളേൽ | മഴുവന്നൂർ | ₹.17,500/-, 12-12-15 |
| സാറാമ്മമത്തായി കണ്ണേത്ത്മോളേൽ | മഴുവന്നൂർ | ₹.17,500/-, 21-3-16 |
| | ആകെ | ₹.1,75,000 |

പ്രോജക്ട് നം- S0002/16(പട്ടികജാതിവിഭാഗം)

| | | |
|---|---|---|
| കാളിക്കണ്ണൻ, കിടാച്ചിറ | ഐക്കരനാട് | ₹.17,500/-,31-10-15 |
| ലതാസുന്ദരൻ, അജുവിഹാർ | ഐക്കരനാട് | ₹.17,500/-,11-12-15 |
| സിന്ധുരാജപ്പൻ, തെക്കിനേടത്ത്കുടി | പൂതൃക്ക | ₹.17,500/-,31-10-15 |
| കല്യാണികുട്ടപ്പൻ,കുനിപ്പാറ | മഴുവന്നൂർ | ₹.17,500/-,31-10-15 |
| വള്ളോൻചോതി,മേലേത്ത്മറ്റത്തിൽ | കുന്നത്തുനാട് | ₹.17,500/-,21-3-16 |
| അമ്മിണി അയ്യപ്പൻകുട്ടി കണ്ടാട്ടുകുന്നേൽ | മഴുവന്നൂർ | ₹.17,500/-,1-2-16 |
| യമുനാ രമേശ്, മണിയേലിൽ | മഴുവന്നൂർ | ₹.17,500/-,1-2-16 |
| സുകുമാരൻ.കെ., കണിയാംകുടി | മഴുവന്നൂർ | ₹.17,500/-,28-3-16 |
| | ആകെ | ₹.1,40,000/- |

ഭവന നിർമ്മാണത്തിനായി ധനസഹായം കൈപ്പറ്റിയ ഗുണഭോക്താക്കൾ, ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പുവരുത്തേണ്ടതാണ്. അല്ലാത്ത പക്ഷം ഇവർ കൈപ്പറ്റിയ ധനസഹായത്തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി - മീറ്റിംഗിന് സമയക്രമം പാലിക്കുന്നില്ല

പാലിയേറ്റീവ് പരിചരണ മാർഗ്ഗരേഖ 2012, 23-8-12ലെ GO(MS)228/12,LSGD, നം ഉത്തരവിൽ, പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി മൂന്ന് മാസത്തിലൊരിക്കലെങ്കിലും കൂടി തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ കടയിരുപ്പ് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി മീറ്റിംഗുകൾ കൂടുന്നത് ഇപ്രകാരം സമയക്രമം പാലിച്ചുകൊണ്ടല്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| തുക ലഭിച്ച വർഷം | വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| 2014-15 | ഗ്രാമപഞ്ചായത്ത് | 71,20,000 (മുന്നിരിപ്പ്- 34,99,605/-) | ഐ.എ.വൈ. വിഹിതം | 52,20,000 | 53,99,605 |
| | ജില്ലാപഞ്ചായത്ത് | 96,60,000 | ഐ.എ.വൈ. വിഹിതം | 39,87,875 | 56,72,125 |
| 2015-16 | ഗ്രാമപഞ്ചായത്ത് | 49,00,000 (മുന്നിരിപ്പ്- 53,99,605) | ഐ.എ.വൈ. വിഹിതം | 61,86,965 | 41,12,640 |
| | ജില്ലാപഞ്ചായത്ത് | 42,47,375 (മുന്നിരിപ്പ്- 55,82,740 ) | ഐ.എ.വൈ. വിഹിതം | 98,30,027 | 88 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷങ്ങളിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുകയൊന്നും നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷങ്ങളിൽ മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്തിന് വായ്പയിനത്തിൽ തുക ലഭിച്ചിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷങ്ങളിൽ പഞ്ചായത്തിന് തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3.9 | 2006-07 | 3.42 | ഊന്നുകല്ല്-നിരപ്പ് കോളനി ജലസേചനം എന്ന പദ്ധതി നിർവ്വഹണം- ലക്ഷ്യം കൈവരിച്ചില്ല. | പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി ഭരണ സമിതി യോഗം ചേർന്ന് സബ്കമ്മിറ്റി രൂപീകരിച്ചു. സബ്കമ്മിറ്റി റിപ്പോർട്ട് ലഭിക്കുന്നതിനായി കാത്തിരിക്കുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം :

| ഓഡിറ്റ് വർഷം | 2014-15 | 2015-16 |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,22,34,116 | 7,33,61,901 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,24,74,311 | 8,60,62,977 |
| വരവിനങ്ങളിലുള്ള നഷ്ടം | 2,319 | 2,582 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | -- | -- |

| | | |
|---|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 10,00,000 | 6,75,000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| വർഷം | ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2014-15 | 2-1 | 2,319 | --- | ശ്രീ. വി.ആർ.ഷാജി,ബി.ഡി.ഒ. വടവുകോട് ബ്ലോക്ക്പഞ്ചായത്ത്. |
| 2015-16 | 2-1 | 750 | --- | ശ്രീ. വി.ആർ.ഷാജി,ബി.ഡി.ഒ. വടവുകോട് ബ്ലോക്ക്പഞ്ചായത്ത്. |
| 2015-16 | 2-1 | 1,832 | --- | ശ്രീ. വി.ശാന്താറാം,ബി.ഡി.ഒ. വടവുകോട് ബ്ലോക്ക്പഞ്ചായത്ത്. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| വർഷം | ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2014-15 | 3-1 | 10,00,000 | ശ്രീമതി. വി.പി.ബീന, എസ്.സി.ഡെവലപ്മെന്റ് ഓഫീസർ |
| 2015-16 | 3-1 | 6,75,000 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വി.ആർ.ഷാജി,ബി.ഡി.ഒ. | ബി.ഡി.ഒ., പാമ്പാക്കുട ബ്ലോക്ക് പഞ്ചായത്ത് | കീച്ചേരിൽ, മേമുറി, പാമ്പാക്കുട-686667 |
| വി.ശാന്താറാം,ബി.ഡി.ഒ. | മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്ത്, തൃശ്ശൂർ | ശാരദ ഭവൻ, കരിക്കത്ത് ലെയിൻ, എം.ജി.റോഡ്, തൃശ്ശൂർ-680001 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|

| | |
|---|---|
| 1995-96 | എൽ.എഫ്.ഇ.(സി.1)782/2012 തീയതി 16.05.2012 |
| 1996-97 | |
| 1997-98 | |
| 1998-99 | |
| 1999-2000 | |
| 2000-01 | |
| 2001-02 | |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | എൽ.എഫ്.ഇ.(സി.1)782/2012 തീയതി 16.05.2012 |
| 2006-07 | |
| 2007-08 | |
| 2008-09 | |
| 2009-10 & 2010-11 | എൽ.എഫ്.ഇ.(ബി.പി.1)2462/13 തീയതി 19.02.2014 |
| 2011-12 | എൽ.എഫ്.ഇ.(ബി.പി.1)298/13 തീയതി 19.02.2014 |
| 2012-13 | എൽ.എഫ്.ഇ.(ബി.പി.1)302/14 തീയതി 10.09.2014 |
| 2013-14 | എൽ.എഫ്.ഇ.(ബി.പി.1)486/15 തീയതി 10.07.2015 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം

# അനുബന്ധം 2

# ഓഡീറ്റ് സർട്ടിഫിക്കറ്റ് 2015-16

നം.കെ.എസ്.എ.- കേരള സംസ്ഥാന ഓഡിറ്റ്

വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

ഇ.കെ.എം(ബി.പി)1572/2016

തീയതി : 04.10.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വടവുകോട് ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

APPENDIX – I

AUDIT CERTIFICATE – 2015-16

No.KSA- Kerala State Audit Department

District Audit Office,
Ernakulam

Civil Station, Kakkanad – 682030

Phone : 0484 - 2422271

e-mail :doekm.ksad@kerala.gov.in

EKM(BP)1572/2016

Date : 04.10.2016

Certified that I have audited the Annual Financial Statement of Vadavucode Block Panchayat in Ernakulam District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of Vadavucode Block Panchayat for the year 2015-16 except the observations in my audit report prorperly presents the picture of income and expenditure.

Joint Director

## അനുബന്ധം 1

# ഓഡീറ്റ് സർട്ടിഫിക്കറ്റ് 2014-15

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

നം.കെ.എസ്.എ.-
ഇ.കെ.എം(ബി.പി)1572/2016

തീയതി : 04.10.2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ വടവുകോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വടവുകോട് ബ്ലോക്ക്പഞ്ചായത്തിന്റെ 2014-15 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ

APPENDIX – I

AUDIT CERTIFICATE – 2014-15

No.KSA-EKM(BP)1572/2016

Kerala State Audit Department

District Audit Office, Ernakulam

Civil Station, Kakkanad – 682030

Phone : 0484 - 2422271

e-mail :doekm.ksad@kerala.gov.in

Date : 04.10.2016

Certified that I have audited the Annual Financial Statement of Vadavucode Block Panchayat in Ernakulam District for the year ended on 31.03.2015 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of Vadavucode Block Panchayat for the year 2014-15 except the observations in my audit report prorperly presents the picture of income and expenditure.

Joint Director